I
STARRED
on 19.12.12

# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.211 — 19.12.2012 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

**ചോദ്യം**
ശ്രീ ബെന്നി ബെഹനാൻ
ശ്രീ ജോസഫ് വാഴക്കൻ
ശ്രീ സി.പി.മുഹമ്മദ്
ശ്രീ എം.എ.വാഹീദ്

**ഉത്തരം**
ശ്രീ വി.എസ്.ശിവകുമാർ
ബഹു:ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ | തുടക്കമിട്ടിട്ടുണ്ട്. സംസ്ഥാനത്തെ ആശുപത്രികൾ വഴി ഏതാനും രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകുന്ന പദ്ധതി നിലവിലുണ്ടായിരുന്നു. എല്ലാവിധ രോഗങ്ങൾക്കുമുള്ള എല്ലാ മരുന്നുകളും എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ രോഗികൾക്ക് നൽകണമെന്ന ഈ സർക്കാരിന്റെ തീരുമാനം അനുസരിച്ച് ആവശ്യമായ ജനറിക് മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ചെയർമാനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ 327 ഇനം മരുന്നുകളുടെ ആർ.ഡി.എൽ. ലിസ്റ്റും, കാൻസർ രോഗത്തിനുള്ള 107 ആന്റി കാൻസർ മരുന്നുകളും, നിലവിലുള്ള എസ്സൻഷ്യൽ ഡ്രഗ്ഗ് ലിസ്റ്റിൽപ്പെട്ട 518 മരുന്നുകളും ഉൾപ്പെടെ 952 ഇനം മരുന്നുകളാണ് |

| | | | |
|---|---|---|---|
| | | | നൽകുവാനുള്ള ജനറിക് മരുന്നുകളുടെ ലിസ്റ്റായി തയ്യാറാക്കിയത്. ഈ.ഡി.എൽ. ലിസ്റ്റിലും, ആർ.ഡി.എൽ. ലിസ്റ്റിലും, ആന്റി കാൻസർ മരുന്ന് ലിസ്റ്റിലും പൊതുവായി ഉൾപ്പെട്ടിരുന്ന 13 മരുന്നുകൾ ഒഴിവാക്കി 939 ഇനം മരുന്നുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും 2012 നവംബർ 1 മുതൽ ആദ്യഘട്ടമെന്ന നിലയിൽ അഞ്ച് മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും സൗജന്യ ജനറിക് മരുന്നു വിതരണം ആരംഭിക്കുകയും ചെയ്തു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് മരുന്നുകൾ ആശുപത്രികളിൽ സപ്ലൈ ചെയ്യുന്നത്. 939 ഇനം മരുന്നുകളിൽ 794 ഇനം മരുന്നുകൾ ഇപ്പോൾ നൽകിവരുന്നു. ടെൻഡറും റീ-ടെൻഡറും വിളിച്ചിട്ടും കമ്പനികൾ മുന്നോട്ട് വരാത്ത സാഹചര്യത്തിലും, ചിലയിനം മരുന്നുകൾ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാലും 145 ഇനം മരുന്നുകൾ ഇപ്പോൾ വിതരണം ചെയ്യാൻ കഴിയുന്നില്ല. ഇവയിൽ ടെൻഡർ ക്വാട്ട് ചെയ്യാത്തതും എന്നാൽ കാരുണ്യ ഫാർമസിയിൽ ലഭ്യമായതുമായ മരുന്നുകൾ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് പകരം അനുയോജ്യമായ മരുന്നുകൾ നിർദ്ദേശിക്കാൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. പദ്ധതി പ്രാവർത്തികമായതിനുശേഷം മാത്രമേ യഥാർത്ഥത്തിലുള്ള |

| | | | |
|---|---|---|---|
| | | | ആവശ്യകത ബോദ്ധ്യപ്പെടുകയുള്ളൂ. അതനുസരിച്ച് കാര്യങ്ങൾ ക്രമീകരി -ച്ചുവരികയാണ്. ഘട്ടംഘട്ടമായി ഈ പദ്ധതി പരിപൂർണ്ണതയിലെത്തി -ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. |
| ബി | ഏതൊക്കെ വിഭാഗങ്ങൾക്കാണ് ജനറിക് മരുന്നുകൾ നൽകുന്നത്; | ബി | എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |
| സി<br>&<br>ഡി | ഏതെല്ലാം ആശുപത്രികളിലൂടെയാണ് ഇത്തരം മരുന്നുകൾ നൽകുന്നത്;<br><br>സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ? | സി<br>&<br>ഡി | നിലവിൽ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രി -കളും വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. ആറ് മാസത്തിനു -ള്ളിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രിക -ളിലും ഈ പദ്ധതി നടപ്പിലാക്കാ-നാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**